**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3495** **26-10-2021 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. അംഗീകരിച്ച ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്‌സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകൾക്ക് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്‌സുകൾ നടത്താൻ യു.ജി.സി. അനുമതി നൽകിയിട്ടുണ്ടെന്നും ഏതെല്ലാം കോഴ്‌സുകൾക്കെന്നും വ്യക്തമാക്കുമോ; | (എ) | യു.ജി.സിയുടെ 2020 സെപ്റ്റംബർ 4 ലെ നോട്ടിഫിക്കേഷൻ പ്രകാരം നാക്ക് അക്രഡിറ്റേഷനിൽ (NAAC) 3.26 സ്കോറോ അതിനുമുകളിലോ ഉള്ളതോ അഥവാ എൻ.ഐ.ആർ.എഫ് (NIRF) സർവ്വകലാശാലാ വിഭാഗത്തിൽ തുടർച്ചയായ പിൽക്കാല മൂന്ന് വർഷങ്ങളിൽ രണ്ട് തവണയെങ്കിലും ആദ്യ 100 റാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈൻ ബിരുദബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ അനുമതിയുണ്ട്. ഓൺലൈൻ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള അനുമതിക്കായി മഹാത്മാഗാന്ധി സർവകലാശാല 2020 ഒക്ടോബറിൽ യുജിസി - ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു ബിരുദ പ്രോഗ്രാമുകളും (B.Com. & B.B.A.) ഒരു ബിരുദാനന്തര പ്രോഗ്രാമും (M.Com.) ഓൺലൈനായി നടത്തുന്നതിനുള്ള അനുമതി ഇപ്പോൾ മഹാത്മാഗാന്ധി സർവകലാശാലക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 10 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ (UG -1, PG-9) കൂടി നടത്തുന്നതിനുള്ള അനുമതിക്കായി 2021 ജൂലൈയിൽ മഹാത്മാഗാന്ധി സർവകലാശാല വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആയതിനായി യു.ജി.സി. അപേക്ഷ ക്ഷണിച്ചപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്‌സിറ്റികൾ താൽപര്യപത്രം നൽകിയെന്ന് വ്യക്തമാക്കാമോ; അനുമതി ലഭിച്ചത് ഏതെല്ലാം യൂണിവേഴ്സിറ്റികൾക്ക്, ഏതെല്ലാം കോഴ്സുകൾക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | യു.ജി.സിയുടെ 2020 സെപ്റ്റംബർ 4 ലെ നോട്ടിഫിക്കേഷൻ പ്രകാരം നാക്ക് അക്രഡിറ്റേഷനിൽ (NAAC) 3.26 സ്കോറോ അതിനുമുകളിലോ ഉള്ളതോ അഥവാ എൻ.ഐ.ആർ.എഫ് (NIRF) സർവ്വകലാശാലാ വിഭാഗത്തിൽ തുടർച്ചയായ പിൽക്കാല മൂന്ന് വർഷങ്ങളിൽ രണ്ട് തവണയെങ്കിലും ആദ്യ 100 റാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈൻ |

| | | | |
|---|---|---|---|
| | | | ബിരുദബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ അനുമതിയുണ്ട്. ഓൺലൈൻ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള അനുമതിക്കായി മഹാത്മാഗാന്ധി സർവകലാശാല 2020 ഒക്ടോബറിൽ യുജിസി - ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു ബിരുദ പ്രോഗ്രാമുകളും (B.Com. & B.B.A.) ഒരു ബിരുദാനന്തര പ്രോഗ്രാമും (M.Com.) ഓൺലൈനായി നടത്തുന്നതിനുള്ള അനുമതി ഇപ്പോൾ മഹാത്മാഗാന്ധി സർവകലാശാലക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 10 ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ (UG -1, PG-9) കൂടി നടത്തുന്നതിനുള്ള അനുമതിക്കായി 2021 ജൂലൈയിൽ മഹാത്മാഗാന്ധി സർവകലാശാല വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | യൂണിവേഴ്സിറ്റികളിൽ യു.ജി.സി. അംഗീകാരമുള്ള കൂടുതൽ ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നേടിയെടുത്ത് ഉന്നതവിദ്യാഭ്യാസരംഗം പരിപോഷിപ്പിക്കാനായി സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാ ശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ